സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 59 ലക്കം: 148 2024 സെപ്തംബർ 25 ബുധൻ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

### പ്രൊഡക്ഷൻ കൺട്രോളർ ദുബായിലേക്ക് കടക്കാൻ ശ്രമിച്ചു; വിമാനത്താവളത്തിൽ തടഞ്ഞു

കൊച്ചി: ദുബായിലേക്ക് കടക്കാൻ ശ്രമിച്ച പീഡനക്കേസിൽ പ്രതിയായ സിനിമ പ്രൊഡക്ഷൻ കൺട്രോളറെ കൊച്ചി വിമാനത്താവളത്തിൽ തടഞ്ഞുവെച്ചു. കൊച്ചി സ്വദേശി നോബിൾ ജേക്കബിനെതിരെയാണ് എമിഗ്രേഷനിൽനിന്ന് നടപടിയുണ്ടായത്.കഴിഞ്ഞ ദിവസമാണ് നോബിൾ ദുബായിലേക്ക് കടക്കാൻ ശ്രമിച്ചത്. ഇയാൾക്കെതിരേ കൊച്ചി സിറ്റി പോലീസ് ലുക്ക് ഔട്ട് നോട്ടീസ് പുറപ്പെടുവിച്ചിരുന്നു.അറസ്റ്റ് ആ ഘട്ടത്തിൽ അനിവാര്യം അല്ലാതിരുന്നതിനാൽ നോബിളിനെ പിന്നീട് വിമാനത്താവളത്തിൽനിന്ന് മടക്കി അയക്കുകയായിരുന്നു.നോബിളിന്റെ മുൻകൂർ ജാമ്യ ഹർജി എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതിയുടെ പരിഗണനയിലാണുള്ളത്. ഈ സമയത്താണ് ഇയാൾ ദുബായിലേക്ക് പോകാൻ ഒരുങ്ങിയത്.

# എഡിജിപി- ആർഎസ്എസ് കൂടിക്കാഴ്ചയിൽ അന്വേഷണം

തിരു: എ.ഡി.ജി.പി, ആർ.എസ്.എസ് നേതാക്കളെ കണ്ടതിൽ അന്വേഷണത്തിന് ഉത്തരവ്. മുഖ്യമന്ത്രിയാണ് ഉത്തരവിറക്കിയത്. കൂടിക്കാഴ്ച ഡി.ജി.പി അന്വേഷിക്കും. മുന്നണിയോഗത്തിൽ ഉറപ്പ് നൽകി രണ്ടാഴ്ചയ്ക്കുശേഷമാണ് ഉത്തരവിറക്കുന്നത്. മൂന്നാഴ്ച മുമ്പാണ് കൂടിക്കാഴ്ച സംബന്ധിച്ച വിവരങ്ങൾ പുറത്തുവന്നത്. അതേസമയം, അന്വേഷണം പ്രഖ്യാപിച്ചത് പ്രതിപക്ഷത്തിന്റെ വിജയമെന്ന് കെ.മുരളീധരൻ പ്രതികരിച്ചു.

ആർഎസ്എസ് ജനറൽ സെക്രട്ടറി ദത്താത്രേയ ഹൊസബാളെയുമായി എഡിജിപി എം.ആർ അജിത് കുമാർ കൂടിക്കാഴ്ച നടത്തിയതാണ് വിവാദമായത്. എന്നാൽ ആർഎസ്എസിന്റെ കേരള നേതൃത്വം നിഷേധിക്കുകയാണ് ചെയ്തത്. കൂടിക്കാഴ്ച്ച നടന്നിട്ടില്ലെന്നായിരുന്നു ആർഎസ്എസ് ഉത്തരകേരള പ്രാന്തകാര്യവാഹ് പി.എൻ ഈശ്വരൻ പ്രതികരിച്ചത്. എന്നാൽ കൂടിക്കാഴ്ച്ച നടത്തിയെന്ന് അജിത് കുമാർ മുഖ്യമന്ത്രിയെ അറിയിച്ചിരുന്നു. സഹപാഠിയുടെ ഒപ്പമാണ് പോയതെന്നും സ്വകാര്യസന്ദർശനമായിരുന്നുവെന്നും അജിത് കുമാർ വിശദീകരിച്ചത്. ആർഎസ്എസ് പ്രചാരകനും വിജ്ഞാന ഭാരതിയുടെ ചുമതലക്കാരനുമായ എ ജയകുമാറാണ് കൂടിക്കാഴ്ച്ചയ്ക്ക് വഴിയൊരുക്കിയത്. ജയകുമാറും അജിത് കുമാറും സുഹൃത്തുക്കളും സഹപാഠികളുമാണ്.

ആർഎസ്എസ് നേതാവ് സിവിൽ സർവീസ് ഉദ്യോഗസ്ഥർ അടക്കം ഭരണരംഗത്തെയും സമൂഹത്തിലെയും പ്രമുഖരെ ആർഎസ്എസുമായി അടുപ്പിക്കുന്ന ദൗത്യത്തിന്റെ ഭാഗമായി ജയകുമാർ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം കൈമനം സ്വദേശിയായ ജയകുമാർ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അടുപ്പക്കാരനാണ്. സംഘപരിവാർ രാഷ്ട്രീയത്തെ ശക്തമായി എതിർക്കുന്ന ഇടത് മുന്നണി സർക്കാരിന് കീഴിൽ ക്രമസമാധാനപാലനത്തിന്റെ ചുമതലയുള്ള എഡിജിപി ആർഎസ്എസിലെ ഏറ്റവും മുതിർന്ന നേതാക്കളിൽ ഒരാളുമായി എന്ത് ആശയവിനിമയം നടത്തി എന്നതാണ് ഉയരുന്ന ചോദ്യം.

എ ഡി ജി പിക്കൊപ്പം ആർ എസ് എസ് നേതാക്കളെ കണ്ട വരുടെ മൊഴിയും അന്വേഷണ സംഘം രേഖപ്പെടുത്തും.

ആർ എസ് എസ് ജനറൽ സെക്രട്ടറി ദത്താത്രേയ ഹൊസബാളെ, ആർ എസ് എസ് നേതാവ് രാംമാധവ് അടക്കമുള്ളവരെ എ ഡി ജി പി കണ്ടെന്ന സ്പെഷ്യൽ ബ്രാഞ്ച് റിപ്പോർട്ട് നേരത്തെ പുറത്തുവന്നിരുന്നു. ബി ജെ പി മുൻ ജനറൽ സെക്രട്ടറികൂടിയായ രാംമാധവുമായി രണ്ടുതവണ എ ഡി ജി പി കൂടിക്കാഴ്ച നടത്തിയെന്നാണ് സ്പെഷ്യൽ ബ്രാഞ്ച് റിപ്പോർട്ടിലുള്ളത്. കോവളത്തെ ഹോട്ടലിൽ വച്ചായിരുന്നു കൂടിക്കാഴ്ച എന്നും വിവരമുണ്ട്.

ഇതുകൂടാതെ കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ സുരേഷ് ഗോപിയെ ജയിപ്പിക്കാനായി എം ആർ അജിത് കുമാർ തൃശൂർ പൂരം കലക്കിയെന്ന് ഇടത് എംഎൽ എ പി വി അൻവർ ആരോപിച്ചിരുന്നു. സുരേഷ് ഗോപിയുടെ മകളുടെ വിവാഹവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തൃശൂരും ഗുരുവായൂരിലുമായി അജിത് കുമാർ സജീവമായിരുന്നുവെന്നും സ്പെഷ്യൽ ബ്രാഞ്ച് റിപ്പോർട്ടിൽ പരാമർശമുണ്ടായിരുന്നു.

### 'അജിത് കുമാറിനെ പോലീസ് സേനയിൽനിന്ന് പുറത്താക്കണം': പി.വി അൻവർ

മലപ്പുറം: എ.ഡി.ജി.പി എം.ആർ അജിത് കുമാറിനെതിരായ ആരോപണങ്ങൾ തുടർന്ന് നിലമ്പൂർ എം.എൽ.എ. പി.വി. അൻവർ. 'അദ്ദേഹത്തെ സർവീസിൽ നിന്നും പുറത്താക്കണം. സസ്പെൻഡ് ചെയ്യണമെന്നായിരുന്നു നേരത്തെ പറഞ്ഞത്. എന്നാൽ, കൃപ.സിദ്ധനായ കുറ്റവാളിയാണ് അജിത് കുമാർ. പോലീസ് സേനക്ക് പറ്റുന്ന വ്യക്തിയല്ല അദ്ദേഹം. അത് ജനങ്ങൾക്ക് അറിയാവുന്ന കാര്യമാണ്' – എം.എൽ. എ. മാധ്യമങ്ങളോട് പറഞ്ഞു.

നേരത്തെ, പി.വി. അൻവർ ഡിഎം.എൽ.എ. ഉന്നയിച്ച ആരോപണങ്ങൾ പാർട്ടിക്കുള്ളിൽക്കൂടി അലയൊലി തീർത്തതോടെ, സി.പി.എം. അദ്ദേഹത്തെ തള്ളിപ്പറഞ്ഞിരുന്നു. അൻവർ തിരുത്തണമെന്നാവശ്യപ്പെട്ട് പാർട്ടി സംസ്ഥാനസെക്രട്ടേറിയറ്റ് പ്രസ്താവനയിറക്കി. തുടർന്ന്, പാർട്ടി നിർദേശം ശിരസ്സാവഹിക്കാൻ ബാധ്യസ്ഥനാണെന്നു വ്യക്തമാക്കിയ അൻവർ പരസ്യപ്രസ്താവന താത്കാലികമായി അവസാനിപ്പിക്കുകയാണെന്ന് വ്യക്തമാക്കിയിരുന്നു.

നേരത്തെ, ഇതേ വിഷയത്തിൽ പി.വി. അൻവർ എം.എൽ. എ.യെ തള്ളി മുഖ്യമന്ത്രിയും രംഗത്തെത്തിയിരുന്നു. എ.ഡി.ജി.പി. എം.ആർ. അജിത് കുമാറിനെ തത്കാലം തൊടില്ലെന്നും അദ്ദേഹം വ്യക്തമാക്കി. ആരോപണത്തിൽ അന്വേഷണംനടത്തി കഴമ്പുണ്ടെന്നു കണ്ടാൽമാത്രം നടപടിയുണ്ടാകുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കിയിരുന്നു.

## സിദ്ദിഖ് വീണ്ടും 'റേഞ്ചിൽ'; ഓഫായിരുന്ന ഫോൺ റിങ് ചെയ്തു

കൊച്ചി: ബലാൽസംഗക്കേസിൽ ഒരു പകലും രാത്രിയും പിന്നിട്ടിട്ടും കണ്ടെത്താനാകാതെ അന്വേഷണസംഘം നെട്ടോട്ടമോടുമ്പോൾ സിദ്ദിഖ് വീണ്ടും 'റേഞ്ചിലെത്തി'. രണ്ടു ദിവസമായി ഓഫായിരുന്ന സിദ്ദിഖിന്റെ ഫോൺ വീണ്ടും റിങ് ചെയ്തു. റിങ് ചെയ്തപ്പോൾ ഫോൺ 'എൻഗെയ്ജ്ഡ്' ആക്കി.

അതേസമയം, കേസിൽ സിദ്ദിഖ് സുപ്രീം കോടതിയിൽ ഇന്ന് ജാമ്യഹർജി നൽകിയേക്കും. സിദ്ദിഖിന്റെ ജാമ്യാപേക്ഷയിൽ തടസ്സഹർജി നൽകാൻ സംസ്ഥാന സർക്കാരും ഒരുങ്ങുകയാണ്. സിദ്ദിഖ് ഹർജി നൽകിയാൽ തന്റെ ഭാഗവും കേൾക്കണമെന്നാവശ്യപ്പെട്ട് അതിജീവിതയും തടസ്സഹർജി നൽകിയിട്ടുണ്ട്. അതിജീവിതയ്ക്കായി മുതിർന്ന അഭിഭാഷക ഹാജരാകും.

സിദ്ദിഖിനെ ബന്ധുക്കളുടെയും വീടുകളിലും പോകാൻ സാധ്യതയുള്ള ഇടങ്ങളിലും അന്വേഷിച്ചെങ്കിലും കണ്ടെത്തിയില്ല. സിദ്ദിഖ് കീഴടങ്ങുമെന്ന അഭ്യൂഹവും വെറുതെയായി. സംസ്ഥാനത്തിന് പുറത്തേക്ക് പോയതായും സൂചനയുണ്ട്. അറസ്റ്റ് ചെയ്യാൻ തീരുമാനിച്ച അന്വേഷണസംഘം സിദ്ദിഖിനായി ഇപ്പോഴും തിരച്ചിലിലാണ്. എന്നാൽ, കാടിളക്കി തിരഞ്ഞ് പിടിക്കേണ്ട സാഹചര്യമില്ലെന്നാണ് പോലീസ് നിലപാട്. സുപ്രീംകോടതിയെ സമീപിച്ചാലും തിരിച്ചടിയല്ലെന്നാണ് പോലീസിന്റെ അവകാശവാദം. സിദ്ദിഖിനെ പിടികൂടാനുള്ള നീക്കങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത് എഐജി ജി.പൂങ്കുഴലിയാണ്.

### കയ്പമംഗലം കൊലപാതകത്തിൽ 5പേർ പിടിയിൽ

വലപ്പാട്: കയ്പമംഗലത്ത് യുവാവിനെ കൊലപ്പെടുത്തി ആംബുലൻസ് കയറ്റിവിട്ട സംഭവം: കണ്ണൂരിൽ നിന്നുള്ള കൊലയാളി സംഘത്തിലെ 5 പേർ പിടിയിൽ. പിടിയിലായ മറ്റുള്ളവർ കയ്പമംഗലം സ്വദേശികൾ. മുഖ്യപ്രതി മുഹമ്മദ് സാദിഖ് ഉൾപ്പെടെ വൈകാതെ പിടിയിലാകുമെന്ന് പോലീസ് പറഞ്ഞു

### സ്വർണ്ണവില റെക്കോർഡിൽ

തിരു: സംസ്ഥാനത്ത് സ്വർണ്ണവില സർവകാല റെക്കോർഡ് ഭേദിച്ചു. പവന് 480 രൂപ കൂടി 56,480 രൂപയായി. ഗ്രാമിന് 60 രൂപ കൂടി 7,060രൂപയാണ് ഇന്നത്തെ വിപണി വില.

### ഇന്ത്യയിലെ ഒരു പ്രദേശത്തെയും പാകിസ്താനെന്ന് മുദ്രകുത്തരുത്; സുപ്രീംകോടതി

ന്യൂഡൽഹി: ബെംഗളൂരുവിൽ മുസ്ലിം വിഭാഗക്കാർ കൂടുതലായി താമസിക്കുന്ന ഗോരി പാല്യ എന്ന പ്രദേശത്തെ പാകിസ്താൻ എന്ന് വിശേഷിപ്പിച്ച കർണാടക ഹൈക്കോടതി ജഡ്ജിയുടെ നിലപാടിനോട് വിയോജിച്ച് സുപ്രീം കോടതി. ഇന്ത്യയിലെ ഒരു ഭാഗത്തെയും 'പാകിസ്താൻ' എന്ന് മുദ്രകുത്താൻ ആകില്ലെന്ന് സുപ്രീം കോടതി വ്യക്തമാക്കി. അത്തരം പരാമർശങ്ങൾ രാജ്യത്തിന്റെ അഖണ്ഡതയെ ബാധിക്കുന്നതാണെന്നും ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡ് അധ്യക്ഷനായ അഞ്ച് അംഗ ബെഞ്ച് വ്യക്തമാക്കി.

ജഡ്ജിമാർ മുൻവിധിയോടെയുള്ള പരാമർശങ്ങൾ ഒഴിവാക്കണം. സ്ത്രീവിരുദ്ധവും ഏതെങ്കിലും വിഭാഗത്തിനെതിരായതുമായ പരാമർശങ്ങൾ ജഡ്ജിമാർ നടത്തരുതെന്നും സുപ്രീം കോടതി നിർദേശിച്ചു.

കർണാടക ഹൈക്കോടതിയിലെ ജസ്റ്റിസ് വേദവ്യാസാചാർ ശ്രീശാനന്ദ ആണ് വിവാദ പരാമർശം നടത്തിയത്. പരാമർശങ്ങളിൽ വ്യാപക പ്രതിഷേധം ഉയർന്നിരുന്നു. ഇതേത്തുടർന്നാണ് ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ഭരണഘടനാ ബെഞ്ച് വിഷയത്തിൽ സ്വമേധയാ കേസെടുത്ത് റിപ്പോർട്ട്തേടിയത്. ഇതിന്റെ അടിസ്ഥാനത്തിൽ കർണാടക ഹൈക്കോടതി റെജിസ്ട്രർ ജനറൽ സുപ്രീം കോടതിക്ക് റിപ്പോർട്ട് നൽകുകയും ചെയ്തു.

വിവാദ പരാമർശം നടത്തിയ ജഡ്ജി തന്നെ അതിലുള്ള ഖേദം തുറന്ന കോടതിയിൽ പ്രകടിപ്പിച്ചിട്ടുണ്ടെന്നും അതിനാൽ തുടർ നടപടികൾ ആവശ്യമില്ലെന്നും അറ്റോർണി ജനറലും, സോളിസിറ്റർ ജനറലും കോടതിയെ അറിയിച്ചു. ഈ നിലപാടും കൂടി കണക്കിലെടുത്താണ് തുടർ നടപടികൾ വേണ്ടെന്ന് സുപ്രീം കോടതി തീരുമാനിച്ചത്.

### 'പൊതുദർശനത്തിനിടെ എന്നെയും അമ്മയേയും മർദിച്ചു'; പരാതിനൽകി എം എം ലോറൻസിന്റെ കൊച്ചുമകൻ

കൊച്ചി: സി.പി.എം. നേതാവ് എം.എം. ലോറൻസിന്റെ മൃതദേഹം പൊതുദർശനത്തിന് വെച്ചപ്പോഴുണ്ടായ ബഹളത്തിൽ പരാതിയുമായി കൊച്ചുമകൻ മിലൻ. എറണാകുളം ടൗൺഹാളിലെ പൊതുദർശനത്തിനിടെ തന്നെയും അമ്മ ആശ ലോറൻസിനെയും സി.പി. എം. പ്രവർത്തകർ മർദിച്ചെന്നാണ് മിലന്റെ പരാതി. കൊച്ചി സിറ്റി പോലീസ് കമ്മിഷണർക്കാണ് പരാതി നൽകിയിരിക്കുന്നത്.

ശനിയാഴ്ച ഉച്ചയ്ക്കാണ് മുതിർന്ന സി.പി.എം. നേതാവ് എം.എം. ലോറൻസ് എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ അന്തരിച്ചത്. അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം മൃതദേഹം പഠനാവശ്യത്തിനായി മെഡിക്കൽ കോളേജിന് വിട്ടുകൊടുക്കുമെന്ന് മകൻ അഡ്വ. എം.എൽ. സജീവനും മകൾ സുജാത ബോബനും അറിയിച്ചിരുന്നു. എന്നാൽ, മൃതദേഹം ക്രൈസ്തവാചാരപ്രകാരം പള്ളിയിൽ സംസ്കരിക്കണമെന്ന ആവശ്യവുമായി മറ്റൊരു മകളായ ആശ ലോറൻസ് രംഗത്തെത്തിയതാണ് തർക്കത്തിന് കാരണമായത്.

ആശയുടെ ഹർജിയിൽ മൃതദേഹം മെഡിക്കൽ കോളേജ് മോർച്ചറിയിൽ സൂക്ഷിക്കാൻ ഹൈക്കോടതി നിർദേശിച്ചിരുന്നു. മൂന്നു മക്കളുടെയും വാദം കേട്ട ശേഷം അനാട്ടമി ആക്ട് പ്രകാരം തീരുമാനമെടുക്കണമെന്നാണ് കോടതി പറഞ്ഞിരിക്കുന്നത്.

തിങ്കളാഴ്ച പൊതുദർശനത്തിനു ശേഷം എം.എം. ലോറൻസിന്റെ മൃതദേഹം മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോകും മുമ്പ് ആശ മൃതദേഹ പേടകത്തിൽ കെട്ടിപ്പിടിച്ച് കരയുകയും മുദ്രാവാക്യം വിളിച്ച സി.പി.എം. പ്രവർത്തകർക്കെതിരേ പ്രതിഷേധിക്കുകയും ചെയ്തു. ആശയെയും മകനെയും മൃതദേഹ പേടകത്തിനരികിൽ നിന്ന് മാറ്റാൻ ബലം പ്രയോഗിച്ച് മാറ്റാൻ ശ്രമിക്കുന്നതിനിടെ ഇരുവരും നിലത്തുവീണു. ഈ സംഭവത്തിലാണ് മിലൻ പരാതി നൽകിയിരിക്കുന്നത്.

കോടതി ഉത്തരവ് പ്രകാരം നിലവിൽ മൃതദേഹം മെഡിക്കൽ കോളേജ് ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുകയാണ്. മൃതദേഹം പഠനത്തിന് വിട്ടുനൽകുന്നത് സംബന്ധിച്ച് തീരുമാനമെടുക്കാൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. പ്രതാപ് സോമനാഥന്റെ നേതൃത്വത്തിൽ പ്രത്യേക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ലോറൻസിന്റെ മക്കളോട് ഇന്ന് കമ്മിറ്റി മുമ്പാകെ കാര്യങ്ങൾ വിശദീകരിക്കണമെന്നാണ് അറിയിച്ചിട്ടുള്ളത്.

അച്ഛന്റെ വിവാഹം പള്ളിയിൽ വെച്ചായിരുന്നെന്നും അമ്മയുടെ മൃതദേഹം സംസ്കരിച്ച് പള്ളിയിലായിരുന്നു എന്നുമാണ് ആശ ലോറൻസിന്റെ വാദം. എന്നാൽ, പിതാവിന്റെ ആഗ്രഹപ്രകാരമാണ് മൃതദേഹം മെഡിക്കൽ കോളേജിന് നൽകുന്നതെന്നാണ് മകൻ സജീവനും മകൾ സുജാതയും പറയുന്നത്.

## ഇടവേള ബാബു ചോദ്യംചെയ്യലിന് ഹാജരായി

കൊച്ചി: നടിയെ പീഡിപ്പിച്ചെന്ന പരാതിയിൽ പ്രത്യേക അന്വേഷണ സംഘത്തിനു മുൻപിൽ ഇടവേള ബാബു ചോദ്യംചെയ്യലിന് ഹാജരായി. കൊച്ചിയിലെ തീരദേശ പൊലീസ് ആസ്ഥാനത്താണ് ഹാജരായത്. കേസിൽ ഇടവേള ബാബുവിന് കോടതി മുൻകൂർജാമ്യം അനുവദിച്ചിരുന്നു. മുകേഷിനെ മൂന്നുമണിക്കൂർ ചോദ്യംചെയ്തതും പിന്നീട് അറസ്റ്റ് രേഖപ്പെടുത്തി വിട്ടയച്ചതും ഇവിടെവച്ചാണ്.

മുകേഷിനെതിരെയുള്ള പരാതിയിൽ പുതിയ തെളിവുകളും മൊഴികളും ലഭിച്ചാൽ വീണ്ടും ചോദ്യംചെയ്യാൻ വിളിപ്പിക്കുമെന്നും അന്വേഷണ സംഘം സൂചന നൽകുന്നുണ്ട്. പുതിയ പരാതികളിന്മേൽ പ്രാഥമിക അന്വേഷണത്തിന് ശേഷം മാത്രമേ എഫ്ഐആർ രജിസ്റ്റർ ചെയ്യൂ.

## നടി പോക്സോ കേസിൽ മുൻകൂർ ജാമ്യംതേടി ഹൈക്കോടതിയിൽ

കൊച്ചി: നടൻ മുകേഷ് ഉൾപ്പെടെ ഏഴ് പേർക്കെതിരേ ലൈംഗിക ആരോപണം ഉന്നയിച്ച ആലുവ സ്വദേശിയായ നടി മുൻകൂർ ജാമ്യം തേടി ഹൈക്കോടതിയെ സമീപിച്ചു. ബന്ധുവായ യുവതിയുടെ പരാതിയിൽ നടിക്കെതിരെ പോലീസ് പോക്സോ കേസ് എടുത്തതിന് പിന്നാലെയാണ് നീക്കം.

16 വയസ്സുള്ളപ്പോൾ ഓഡീഷനെന്ന് പറഞ്ഞ് ചെന്നൈയിൽ കൊണ്ടുപോവുകയും മറ്റുപലർക്കും കൈമാറാൻ ശ്രമിച്ചെന്നുമായിരുന്നു നടിക്കെതിരേ ഇവരുടെ ബന്ധുകൂടിയായ പെൺകുട്ടി പരാതിപ്പെട്ടിരുന്നത്. തുടർന്ന് ആലുവ സ്വദേശിനിയായ നടിക്കെതിരേ മൂവാറ്റുപുഴ പോലീസ് പോക്സോ നിയമപ്രകാരം കേസെടുക്കുകയുംചെയ്തു.

2014-ലായിരുന്നു പോക്സോ കേസിനാസ്പദമായ സംഭവം നടന്നത്. ഓഡീഷനെന്ന് പറഞ്ഞ് തന്നെയും അമ്മയെയും ചെന്നൈയിലേക്ക് കൊണ്ടുപോയ നടി ഒരു ഹോട്ടലിലെത്തിച്ച് പലർക്കും കൈമാറാൻ ശ്രമിച്ചെന്നായിരുന്നു അടുത്തബന്ധുവായ പെൺകുട്ടിയുടെ പരാതി. നടിക്ക് പെൺവാണിഭസംഘവുമായി ബന്ധമുണ്ടെന്നും പരാതിക്കാരി ആരോപിച്ചിരുന്നു.

പോക്സോ കേസിലെ പ്രതിയായ നടി നേരത്തെ മുകേഷ് ഉൾപ്പെടെയുള്ള നടന്മാർക്കെതിരേ പീഡനാരോപണം ഉന്നയിച്ചിരുന്നു. മുകേഷ്, ജയസൂര്യ, മണിയൻ പിള്ള രാജു, ഇടവേള ബാബു, അഡ്വ ചന്ദ്രശേഖരൻ, പ്രൊഡക്ഷൻ കൺട്രോളർ നോബിൾ, വിച്ചു എന്നിവർക്കെതിരേയായിരുന്നു നടിയുടെ ആരോപണം.

### സ്കൂളിൽ ഗ്യാസ് സിലിണ്ടർ മോഷണം

പുതുക്കാട്: കൊടകര ഗവ. എൽ.പി സ്കൂളിൽ നിന്ന് ഗ്യാസ് സിലിണ്ടർ മോഷണം പോയി. സ്കൂൾ ബസിന്റെ ടയറുകൾ പഞ്ചറാക്കിയ നിലയിലാണ്.

## ഗൈനക്കോളജിസ്റ്റായ ശ്രീക്കുട്ടി കൊടുംക്രിമിനലായ അജ്മലിനെ സുഹൃത്താക്കിയതിന് പിന്നിൽ? കോടതിയിൽ കാത്തുനിന്ന് ആ 10 പേർ?

കൊല്ലം: കേട്ടുകേൾവിയില്ലാത്ത തരം ക്രൂരവും നീചവുമായ പ്രവൃത്തികളാണിന്ന് നാട്ടിൽ അരങ്ങേറുന്നത്. മദ്യവും മയക്കുമരുന്നും രാസലഹരിയും തീർക്കുന്ന വിഷലിപ്താന്തരീക്ഷത്തിൽ മനുഷ്യൻ അധമപ്രവൃത്തികൾ ചെയ്ത് 'നരാധമൻമാർ' എന്ന നിലയിലേക്കെത്തുന്നു. അത്തരത്തിലൊരു നരാധമ പ്രവൃത്തിയുടെ ഞെട്ടലിൽ വിറങ്ങലിച്ചു നിൽക്കുകയാണൊരു നാട്. റോഡുകളിൽ അരങ്ങേറുന്ന നരഹത്യയുടെ അവിശ്വസനീയമായൊരു ഏടിനാണ് തിരുവോണ നാളിൽ വൈകട്ട് 5.47 ന് കൊല്ലം ശാസ്താംകോട്ട മൈനാഗപ്പള്ളി ആനൂർക്കാവ് ജംഗ്ഷൻ സാക്ഷ്യം വഹിച്ചത്. 2വീട്ടമ്മമാർ കടയിൽ നിന്ന് സാധനങ്ങൾ വാങ്ങി സ്കൂട്ടറിൽ റോഡ് മുറിച്ചു കടക്കുന്നതിനിടെ കാലന്റെ രൂപത്തിൽ പാഞ്ഞെത്തിയ കാർ സ്കൂട്ടറിനെ ഇടിച്ചു തെറിപ്പിച്ചു. ഇരുവരും റോഡിലേക്ക് തെറിച്ചുവീണു. സാധാരണയുള്ള ഒരപകടമായി ഇവിടെ അവസാനിക്കേണ്ടതായിരുന്നു. എന്നാൽ പിന്നീട് സംഭവിച്ചതാണ് ആരെയും നടുക്കുന്ന കൊടും ക്രൂരതയായി മാറിയത്.

സ്കൂട്ടർ യാത്രക്കാരെ ഇടിച്ചു തെറിപ്പിച്ച കാറിനെ ഓടിക്കൂടിയ നാട്ടുകാർ തടഞ്ഞു നിറുത്താൻ ശ്രമിച്ചെങ്കിലും കാർ മുന്നോട്ടെടുക്കാനാണ് ശ്രമിച്ചത്. എന്നാൽ റോഡിൽക്കിടന്ന സ്ത്രീയുടെ ദേഹത്ത് തട്ടി നിന്നതിനാൽ കാർ മുന്നോട്ട് നീങ്ങിയില്ല. ഓടിക്കൂടിയവരുടെ ബഹളം അവഗണിച്ച് കാർ രണ്ടുവട്ടം പിന്നോട്ടെടുത്തു. 'വണ്ടി എടുക്കല്ലേ' എന്ന് നാട്ടുകാർ വിളിച്ചുകൂവിയെങ്കിലും അതിവേഗം മുന്നോട്ടെടുത്ത കാറിന്റെ മുൻ, പിൻ ചക്രങ്ങൾ കുഞ്ഞുമോൾ (48) എന്ന വീട്ടമ്മയുടെ ദേഹത്തുകൂടി കയറ്റിയിറക്കുകയായിരുന്നു. റോഡിൽ കിടക്കുന്ന ഏതോ പാഴ് വസ്തുവിനു മുകളിലൂടെ ഓടിച്ചു പോകുന്ന ലാഘവത്തോടെ കുഞ്ഞുമോളുടെ ദേഹത്തുകൂടി അതിവേഗത്തിൽ ഓടിച്ചു പോയ കാറിനെ നാട്ടുകാർ ഏഴു കിലോമീറ്ററോളം പിന്തുടർന്ന് കരുനാഗപ്പള്ളി കോടതിക്ക് സമീപം വച്ച് തടഞ്ഞെങ്കിലും കാറോടിച്ചയാൾ കാറുപേക്ഷിച്ച് മതിൽ ചാടിക്കടന്ന് രക്ഷപ്പെട്ടു. എന്നാൽ കാറിലുണ്ടായിരുന്ന യുവതി ഇതിനിടെ അടുത്ത വീട്ടിൽ ഓടിക്കയറി. പാഞ്ഞെത്തിയ നാട്ടുകാർ യുവതിയെ പിടികൂടി പോലീസിന് കൈമാറി. വാരിയെല്ലുകൾ നുറുങ്ങി ശ്വാസകോശം തകർന്നതാണ് കുഞ്ഞുമോളുടെ ജീവൻ നഷ്ടപ്പെടാൻ കാരണമായത്.

നിരവധി ക്രിമിനൽ കേസുകളിലെ പ്രതിയായ കരുനാഗപ്പള്ളി വെളുത്തമണൽ പുന്തല തെക്കതിൽ വീട്ടിൽ മുഹമ്മദ് അജ്മൽ (29), കരുനാഗപ്പള്ളിയിലെ സ്വകാര്യ ആശുപത്രിയിലെ ഡോക്ടറായ നെയ്യാറ്റിൻകര വഴുതൂർ അനുപമ ഹൗസിൽ ശ്രീക്കുട്ടി (27) എന്നിവരാണ് കാറിലുണ്ടായിരുന്നത്. കാറോടിച്ചിരുന്ന അജ്മലിനെ പിറ്റേ ദിവസം ശൂരനാടുള്ള സുഹൃത്തിന്റെ വീട്ടിൽ നിന്നു പോലീസ് കസ്റ്റഡിയിലെടുത്തു. ഇരുവരും മദ്യലഹരിയിലായിരുന്നുവെന്ന് പരിശോധനയിൽ വ്യക്തമായതായാണ് ശാസ്താംകോട്ട പോലീസ് പറഞ്ഞത്. മൈനാഗപ്പള്ളി ആനൂർക്കാവ് പഞ്ഞിപ്പുല്ലുംവിളയിൽ നൗഷാദിന്റെ ഭാര്യയാണ് ദാരുണമായി മരിച്ച കുഞ്ഞുമോൾ. സ്കൂട്ടർ ഓടിച്ചിരുന്ന ബന്ധുവായ ഫൗസിയക്ക് പരിക്കേറ്റു. അപകടം ഉണ്ടായ ഉടൻ കാർ നിറുത്തിയിരുന്നെങ്കിൽ കുഞ്ഞുമോളും പരിക്കുകളോടെ രക്ഷപ്പെടുമായിരുന്നുവെന്നാണ് നാട്ടുകാർ പറയുന്നത്.

ലഹരിയിലൂടെ രൂപപ്പെടുന്ന വഴിവിട്ട ബന്ധങ്ങൾ പലപ്പോഴും കൊടുംകുറ്റകൃത്യത്തിലേക്ക് നയിക്കുന്നതിന്റെ നേർചിത്രമാണ് തിരുവോണ നാളിൽ മൈനാഗപ്പള്ളിയിലുണ്ടായത്. സ്വകാര്യ ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗം ജൂനിയർ ഡോക്ടറായ ശ്രീക്കുട്ടി ക്രിമിനൽ കേസുകളടക്കം എട്ടോളം കേസുകളിലെ പ്രതിയായ അജ്മലുമായി എങ്ങനെ സൗഹൃദത്തിലായെന്നതാണ് ആരെയും അത്ഭുതപ്പെടുത്തുന്നത്. വടക്കൻ മൈനാഗപ്പള്ളി പള്ളിക്ക് സമീപത്തു നിന്ന് ചന്ദനമരം മുറിച്ചു കടത്തിയതിനും കാർ വാടകയ്ക്കെടുത്ത ശേഷം തിരികെ നൽകാത്തതിനും അടക്കമുള്ള കേസുകളാണ് അജ്മലിനെതിരെ നിലവിലുള്ളത്. ആശുപത്രിയിലെത്തി ശ്രീക്കുട്ടിയുമായി സൗഹൃദം സ്ഥാപിച്ച അജ്മൽ ശ്രീക്കുട്ടിയുമൊത്ത് മദ്യപാനമടക്കം ലഹരി ഉപയോഗത്തിൽ ഏർപ്പെടുമായിരുന്നുവെന്നാണ് ഇപ്പോൾ പുറത്തുവരുന്ന വിവരം.

അപകടം നടന്ന ദിവസം ഇരുവരും മൈനാഗപ്പള്ളിയിലെ സുഹൃത്തിന്റെ വീട്ടിലെത്തി ഓണസദ്യ കഴിച്ച ശേഷം സമീപത്തെ ക്ഷേത്രമൈതാനത്ത് കാർ ഒതുക്കിയിട്ട് മദ്യപിച്ചു. തുടർന്ന് കരുനാഗപ്പള്ളിയിൽ ശ്രീക്കുട്ടിയെ എത്തിക്കാനായുള്ള ഓട്ടത്തിനിടെയാണ് അപകടത്തിൽപ്പെട്ടത്. ഡോ. ശ്രീക്കുട്ടിയുടെ ഐഡന്റിറ്റി വെളിപ്

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



# പത്മനാഭൻ നമ്പൂതിരിപ്പാട് ശതാഭിക്ഷതനാകുന്നു

തൃപ്രയാർ : തൃപ്രയാർ ശ്രീ രാമക്ഷേത്രം തന്ത്രിയും കേരളത്തിലെ നിരവധി പ്രമുഖ ക്ഷേത്രങ്ങളിലടക്കം തന്ത്രി സ്ഥാനം അലങ്കരിക്കുന്ന വെളുത്തേടത്ത് തരണനെല്ലൂർ പടിഞ്ഞാറെ മന പത്മനാഭൻ നമ്പൂതിരിപ്പാട് ശതാഭിക്ഷതനാകുന്നു. ശതാഭിക്ഷേകം ആഘോഷിക്കുന്നത്തിന്റെ ഭാഗമായി സ്വാഗത സംഘം രൂപീകരിച്ചു. ക്ഷേത്രം തന്ത്രി അനിൽ പ്രകാശ് അദ്ധ്യക്ഷത വഹിച്ചു. ക്ഷേത്രം ഊരാളൻമാരായ ഞാനപ്പിള്ളി മന നാരായണൻ നമ്പൂതിരി, പുന്നപ്പിള്ളി മന ഡോ. പി.ആർ.ഉണ്ണികൃഷ്ണൻ നമ്പൂതിരി, രാമദാസ് നമ്പൂതിരി ചേലൂർ മന, പി.ജി.നായർ, യു. പി.കൃഷ്ണനുണ്ണി, പി.മാധവ മേനോൻ, സി.പ്രേംകുമാർ കലാമണ്ഡലം ഉഷാടീച്ചർ എന്നിവർ സംസാരിച്ചു. 2025 മാർച്ച് 9,10,11 തിയതികളിൽ നടത്തുന്ന ആഘോഷ ചടങ്ങുകളിൽ കേന്ദ്ര-സംസ്ഥാന മന്ത്രിമാർ ഉൾപ്പടെ പ്രമുഖർ പങ്കെടുക്കും,. സ്വാഗത സംഘം ഭാരവാഹികളായി പി.ജി.നായർ (ചെയർമാൻ), ചാലക്കുടി തെക്കേടത്ത് മന ശങ്കരൻ നമ്പൂതിരി, അഴകത്ത് വിഷ്ണു നമ്പൂതിരി (വൈസ് ചെയർമാൻമാർ), യു.പി.കൃഷ്ണനുണ്ണി ( ജനറൽ കൺവീനർ), നഗർണ്ണ്മന രാമൻ നമ്പൂതിരി, ഷൈൻ സുരേന്ദ്രനാഥ്, പി. വി.ജനാർദ്ദനൻസ എൻ.പി ബാബു(കൺവീനർമാർ), പി.മാധവമേനോൻ(ഫൈനാസ് ചെയർമാൻ), സി.പ്രേംകുമാർ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു. രമേഷ് ആമലത്ത്(ഓഡിറ്റർ), ഗോപിനാഥ് വന്നേരി (പ്രോഗ്രാം കോഡിനേറ്റർ), അയ്യപ്പദാസ് ( കോ.ഓഡിനേറ്റർ), ഹരിദാസ് മേനോൻ (പി.ആർ.ഒ), പഴങ്ങാപറമ്പ് ഉണ്ണികൃഷ്ണൻ നമ്പൂതിരി (വേദ വിഭാഗം ചെയർമാൻ), കല്ലേലി ദാമോദരൻ നമ്പൂതിരി, തരണ നെല്ലൂർ പത്മനാഭൻ നമ്പൂതിരി(അപ്പു)(കൺവീനർമാർ) പയ്ക്കാട്ട് രാമൻ നമ്പൂതിരി( പ്രചരണം), വി.ജി.ഹരികുമാർ(മീഡിയ ചെയർമാൻ), പ്രേമചന്ദ്രൻ വടക്കേടത്ത്, കൃഷ്ണകുമാർ ആമലത്ത്(കൺവീനർമാർ), ഡോ.ഉണ്ണികൃഷ്ണൻ നമ്പൂതിരി( ഫുഡ് കമ്മിറ്റി ചെയർമാൻ), വിനോദ് കുമാർ (കുട്ടൻ), ബാബു (കൺവീനർമാർ), പ്രൊഫ. സരസ്വതി വാലത്ത്( വളണ്ടിയർ ചെയർപേഴ്സൺ, വനിതാ വിഭാഗം), സുലോചന ശക്തീധര പണിക്കർ(കൺവീനർ), ഭൂപേഷ് വെള്ളാഞ്ചേരി(വളണ്ടിയർ ചെയർമാൻ), പ്രവികുമാർ(കൺവീനർ) എന്നിവരെയും തിരഞ്ഞെടുത്തു.

# കെഎസ്ഇ ലിമിറ്റഡ് വജ്രജൂബിലി നിറവിൽ

ഇരിങ്ങാലക്കുട : കേരളത്തിലെ ക്ഷീര കാർഷിക മേഖലയിലെ സജീവ സാന്നിധ്യമായ കെഎസ്ഇ ലിമിറ്റഡ് വജ്രജൂബിലി നിറവിൽ. ആറ് പതിറ്റാണ്ടുകൾ പിന്നിട്ട കെഎസ്ഇ ലിമിറ്റഡിന്റെ ഡയമണ്ട് ജൂബിലി ആഘോഷങ്ങൾ സെപ്റ്റംബർ 28 ന് വൈകീട്ട് 4.30 ന് കമ്പനി അങ്കണത്തിൽ നടക്കുന്ന ചടങ്ങിൽ വ്യവസായ , നിയമ വകുപ്പ് മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്യും. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ ആർ ബിന്ദു അധ്യക്ഷത വഹിക്കും. നേരത്തെ കമ്പനിയുടെ എല്ലാ യൂണിറ്റുകളിൽ നിന്നുമുള്ള ജീവനക്കാരും തൊഴിലാളികളും പങ്കെടുക്കുന്ന റാലി കത്തീഡ്രൽ അങ്കണത്തിൽ നിന്നും ആരംഭിച്ച് കമ്പനിയിൽ സമാപിക്കും. മധ്യകേരളത്തിൽ ഇരിങ്ങാലക്കുടയിൽ ഉടലെടുത്ത കമ്പനിക്ക് കാലിത്തീറ്റ വിപണിയിൽ രാജ്യത്ത് ഒന്നാം സ്ഥാനം നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് മാനേജിംഗ് ഡയറക്ടർ എം പി ജാക്സൻ, എക്സിക്യൂട്ടീവ് ഡയറക്ടർ പോൾ ഫ്രാൻസിസ് എന്നിവർ പത്ര സമ്മേളനത്തിൽ അറിയിച്ചു. 1900 കോടി വിറ്റുവരവുള്ള കമ്പനി നാടിന്റെ ആവശ്യം കണ്ടറിഞ്ഞുള്ള സാമൂഹ്യ പ്രവർത്തനങ്ങളിലും ജീവകാരുണ്യ പ്രവർത്തനങ്ങളിലും പങ്കാളിയായിട്ടുണ്ട്. വയനാട് ദുരന്ത ഘട്ടത്തിൽ ക്ഷീര കർഷകർക്ക് 1500 ചാക്ക് കാലിത്തീറ്റ സൗജന്യമായി വിതരണം ചെയ്യാനും കെഎസ്ഇ ലിമിറ്റഡിന് കഴിഞ്ഞു. വജ്ര ജൂബിലി ആഘോഷങ്ങളുടെ മുന്നോടിയായി സെപ്റ്റംബർ 26 ന് എംസിപി കൺവെൻഷൻ സെന്ററിൽ നടക്കുന്ന അഖില കേരള ക്ഷീര കർഷക സെമിനാർ നടക്കും. ജനറൽ മാനേജർ എം അനിൽ, അസി. ജനറൽ മാനേജർ എം പി അനിൽ കുമാർ എന്നിവരും പത്ര സമ്മേളനത്തിൽ പങ്കെടുത്തു.

## ഫ്യൂച്ചർ ഫിലിംസിന്റെ നൂതന സിനിമ

തൃശൂർ: ഫ്യൂച്ചർ ഫിലിംസിന്റെ ബാനറിൽ എമേഴ്സൺ ഡേവിസ് സംവിധാനം ചെയ്യുന്ന പൂർണ്ണമായും ആപ്പിൾ ഐഫോണിൽ ചിത്രീകരണത്തിന് ഒരുങ്ങുന്നതാണ് 'ദി ബ്ലൈന്റ് ഐ' എന്ന സിനിമ. പുതിയ തലമുറക്ക് സിനിമയുടെ സാധ്യതകൾ കൂടുതലായി തുറന്നു കൊടുക്കുന്ന ചിത്രം ആയിരിക്കും ദി ബ്ലൈന്റ് ഐ. ഈ സിനിമയെ വെബ്സീരിസ് പാറ്റേണിൽ ചിത്രീകരിക്കാനാണ് സംവിധായകൻ ശ്രമിക്കുന്നത്.

ഈ സിനിമയുടെ ഭാഗമാകാൻ താല്പര്യമുള്ള കലാകാരന്മാരെ ഫ്യൂച്ചർ ഫിലിംസ് തിരയുന്നു. പ്രായഭേദമന്യേ എല്ലാവർക്കും സഹകരിക്കാം. വാട്സ്അപ്പ് നമ്പർ: 9539624455.

## സർഗലയ ഷോർട്ട് മൂവി

തൃശൂർ: കോളങ്ങാട്ടുകരയിലെ സർഗലയ വിഷൽമീഡിയ ഓഡിയോ ആന്റ് വീഡിയോ പ്രൊഡക്ഷൻ ഹസ് കൂട്ടായ്മയിലൂടെ ഷോർട്ട് മൂവി നിർമ്മിച്ചു. പ്രദർശനം സംഗീത നാടക അക്കാദമി നാട്യഗൃഹത്തിൽ നടന്നു. സിനിമാതാരം പൗളി വത്സൻ റിലീസ് നിർവ്വഹിച്ചു. 45,000 രൂപ ചെലവിൽ 42 മിനിറ്റിലുള്ളതാണ് ഷോർട്ട് മൂവി. നവചലച്ചിത്രസംസ്കാരം വളർത്തുകയാണ് വായനശാലയുടെ ലക്ഷ്യം. എബി (ഡയറക്ടർ), ഫെലിക്സ് ഡേവിസ്, യമുന അമ്പാട്ട്, പ്രശാന്ത് ചിറ്റിലപ്പിള്ളി, രേഷ്മ മിഥുൻ എന്നിവരാണ് നേതൃത്വം.

## കർഷകദ്രോഹത്തിനെതിരെ

തൃശൂർ: ഇക്കഴിഞ്ഞ പ്രളയ സമയം പീച്ചി ഡാം അനിയന്ത്രിതമായി തുറന്ന് നാശനഷ്ടങ്ങൾ ഉണ്ടാകാൻ ഇടയാക്കിയ ഇറിഗേഷൻ ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കുകയും, കർഷകർക്ക് കൃഷിനാശ നഷ്ട പരിഹാരം നൽകണമെന്നും, കർഷക കോൺഗ്രസ്സ് ജില്ലാ പ്രസിഡണ്ട് രവി പോലുവളപ്പിൽ വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു. നടപടി ഉണ്ടാകാത്തതിൽ പ്രതിഷേധിച്ച് കർഷകർ ഒല്ലൂർ സെന്ററിൽ സായാഹ്ന ധർണ്ണ നടത്തി.

## അടിയന്തിരാവസ്ഥ മുതൽ അയോദ്ധ്യ മന്ദിർവരെ

തൃശൂർ: വിപ്ലവകാരി ടി എൻ ജോയ് സ്മരണയുടെ 6-ാം വർഷമായ ഒക്ടോബർ 2ന് കൊടുങ്ങല്ലൂരിൽ ജോയോർമ്മ പരിപാടി നടക്കും. പണിക്കേഴ്സ് ഹാളിലാണ് സമ്മേളനം. അടിയന്തിരാവസ്ഥ കാലത്ത് ജയിൽ തടവുകാരായിരുന്നവരുടെ കൂടിച്ചേരൽ, അടിയന്തിരാവസ്ഥ മുതൽ അയോദ്ധ്യ മന്ദിർ വരെ -വിഷയത്തിൽ പൊതുസമ്മേളനം എന്നിവയും ഉണ്ടായിരിക്കും. പ്രമുഖ വിപ്ലവകാരികൾ, സാഹിത്യ സാംസ്കാരിക നായകർ പങ്കെടുക്കും.

## നന്മ 2024, അമല മെഡിക്കൽ കോളേജ് കുട്ടികളുടെ സാമൂഹ്യ സേവന സഹായ പദ്ധതി നാടിനു സഹായമായി

അമലനഗർ: തൃശ്ശൂർ അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, റൂറൽ ഹെൽത്ത് കെയറിന്റെയും 2021 എംബിബിസ് ബാച്ചിന്റെയും നേതൃത്വത്തിൽ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി വേലൂർ പഞ്ചായത്തിൽ കമ്മ്യൂണിറ്റി വെൽഫെയർ പ്രോഗ്രാം സംഘടിപ്പിച്ചു. നന്മ എന്ന പേരിൽ വെള്ളാറ്റഞ്ഞൂർ ഫാത്തിമ മാതാ പാരിഷ് ഹാളിൽ നടന്ന പരിപാടി ജില്ലാ പോലീസ് കമ്മീഷണർ ആർ. ഇളങ്കോ ഉദ്ഘാടനം ചെയ്ത ക്യാമ്പിൽ, ഫാ. ഡേവിസ് ചിറമേൽ (ഫൗണ്ടർ, ആക്ടസ് &കിഡ്നി ഫെഡറേഷൻ, ഇന്ത്യ), ഫാ. ആന്റണി മണ്ണുമ്മൽ CMI(അസോ. ഡയറക്ടർ, അമല മെഡിക്കൽ കോളേജ്), സന്തോഷ് (അസി. കമ്മീഷണർ), ഡോ. ബെറ്റ്സി തോമസ് (പ്രിൻസിപ്പൽ,അമല മെഡിക്കൽ കോളേജ്)ഡോ. സാജു സി. ആർ (കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവി), ഷോബി ടി. ആർ (വേലൂർ പഞ്ചായത്ത് പ്രസിഡന്റ് ) അനിൽ (വാർഡ് 2, മെമ്പർ), വിമല (വാർഡ് മെമ്പർ) ജോയ് (സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ) ഡോ. സ്റ്റെഫി ഫ്രാൻസിസ് (നന്മ പരിപാടി കോർഡിനേറ്റർ ) എന്നിവർ പ്രസംഗിച്ചു.

2021 എംബിബിസ് ബാച്ചിന്റെ നേതൃത്വത്തിൽ തിരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം, ഭവന നിർമ്മാണ സഹായം, ചികിത്സ സഹായം, തൊഴിൽ സഹായം, ഭക്ഷ്യ കിറ്റ് വിതരണം, കുട്ടികൾക്ക് പഠനോപകരണ കിറ്റ് വിതരണം എന്നിവ നടത്തി.

# വാരിയർ സമാജം ആചാര്യസംഗമം നടത്തി

ഗുരുവായൂർ : സമസ്ത കേരള വാര്യർ സമാജം ആചാര്യ സംഗമവും, ആചാര്യശ്രേഷ്ഠ പുരസ്കാര സമർപ്പണവും നടത്തി. ക്ഷേത്രം തന്ത്രി ചേന്നാസ് ദിനേശൻ നമ്പൂതിരിപ്പാട് ഉദ്ഘാടനം ചെയ്തു.

സമാജം സംസ്ഥാന പ്രസിഡണ്ട് പി.കെ മോഹൻദാസ് അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി വി.വി. മുരളിധര വാര്യർ മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന ട്രഷറർ വി.വി. ഗിരീശൻ, ടി.വി. ശ്രീനിവാസ വാര്യർ, കെ. സുരേഷ് വാര്യർ, എസ്. ശങ്കരവാര്യർ, ടി.വി രാധാകൃഷ്ണവാര്യർ, കെ.വി. ചന്ദ്രിക വാര്യർ, ഗീത ആർ വാര്യർ, വി.വി. സതീശൻ, ജയ സതീഷ് എന്നിവർ പ്രസംഗിച്ചു. ഷോഡശ കർമ്മം നടത്തുന്ന 11 ആചാര്യന്മാരെ ആചാര്യശ്രേഷ്ഠ പുരസ്കാരം നല്കി ആദരിച്ചു. ആചാരഏകികരണം വേണമെന്നു യോഗം തിരുമാനിച്ചു.


## RC ബുക്ക് നഷ്ടപ്പെട്ടു

എന്റെ ഉടമസ്ഥതയിലുള്ള KL 45 N 3865 നമ്പർ ഹോണ്ട ആക്ടീവ വണ്ടിയുടെ RC ബുക്ക് തൃശൂരിനും വരന്തരപ്പിള്ളിക്കും ഇടയിലുള്ള യാത്രാമദ്ധ്യേ നഷ്ടപ്പെട്ടു. കണ്ടുകിട്ടുന്നവർ താഴെ പറയുന്ന അഡ്രസ്സിലോ അല്ലെങ്കിൽ വരന്തരപ്പിള്ളി പോലീസ് സ്റ്റേഷനിലോ അറിയിക്കുവാൻ താല്പര്യപ്പെടുന്നു.

എന്ന്,

**LINI SUDHAN**

Kizhakkoodan House, Muttithadi P.O.,
Kallur, Thrissur, Pin: 680317
Mob: **6238280846**


# ദേശീയ വായനശാല പ്ലാറ്റിനം ജൂബിലിയുടെ നിറവിൽ

തൃശൂർ:വായനശാലയുടെ പ്ലാറ്റിനംജൂബിലി ആഘോഷങ്ങൾ 2024 സെപ്തംബർ 29ന് ഞായറാഴ്ച്ച വൈകീട്ട് 4 മണിക്ക് പുതൂർക്കര ശ്രീനാരായണ സംഘം ഹാളിൽ നടക്കും. ആഘോഷപരിപാടിക ളുടെ ഉത്ഘാടനം റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി കെ. രാജൻ നിർവ്വഹിക്കും. തൃശ്ശൂർ എം. എൽ. എ. പി. ബാലചന്ദ്രൻ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കും. കഥാകൃത്ത് എൻ. രാജൻ ചടങ്ങിൽ വിശിഷ്ടാതിധിയായിരിക്കും.

സ്വാതന്ത്ര്യലബ്ധിക്കുശേഷം കുഗ്രാമമായിരുന്ന പുതൂർക്കരയിലും ഒരു വായനശാല ആരംഭിക്കണമെന്ന ആഗ്രഹം അന്നത്തെ ചെറുപ്പക്കാരുടെ മനസ്സിൽ രൂപംകൊണ്ടിരുന്നു. അറിവിനു വേണ്ട അദമ്യമായ അഭിവാഞ്ഛ ഉണ്ടായിരുന്ന ഉത്പതിഷ്ണുക്കളായ ഏതാനും ചെറുപ്പക്കാർ 1948 ഒക്ടോബർ 12ന് പുതൂർക്കര പാറപ്പുറത്ത് ഒത്തുചേർന്നു. ചിമ്മിനി വിളക്കിന്റെ ഇത്തിരി വെട്ടത്തിൽ ചേർന്ന യോഗത്തിൽ പാറയിൽ കൃഷ്ണൻനായർ അദ്ധ്യക്ഷനായി ചർച്ചയുടെ അവസാനം വായന ശാലയുടെ പേര്, 'ദേശീയ വായനശാല' എന്ന് തീരുമാനിച്ചു. കോലോത്ത് കോമ്പിയിൽ രാമൻനായർ പ്രസിഡണ്ടും പി. ബാലകൃഷ്ണൻ സെക്രട്ടറിയും ഇ. ബാലൻ ജോ. സെക്രട്ടറിയും ചിറ്റപ്പത്ത് ഗോവിന്ദൻ നായർ ഖജാൻജിയുമായി 11 അംഗ കമ്മിറ്റി രൂപംകൊണ്ടു. ഒരു ചെറിയ വാടക മുറിയിൽനിന്നും ആരംഭിച്ച വായനശാലക്ക് ഇന്ന് സ്വന്തമായി 2 നില കെട്ടിടമുണ്ട്.

കിഴക്കുംപാട്ടുകരയിലുള്ള പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയുടെ വസതിയിൽ പോയി സംഭാവന ലഭിച്ച പുസ്തകങ്ങൾ തലച്ചുമടായി കൊണ്ടുവന്നാണ് വായനശാല തുടങ്ങിയത്. 1955ൽ വായന ശാലക്ക് സ്വന്തമായി കെട്ടിടമുണ്ടായി. അതേ വർഷത്തിൽ ഗ്രന്ഥശാല സംഘം താലൂക്ക് യൂണിയനിൽ രജിസ്റ്റർ ചെയ്തു.

1967-68 കാലത്താണ് ഇ.കെ. മേനോന്റെ നേതൃത്വത്തിലുള്ള വായനശാല പ്രവർത്തകർ മണത്തിട്ട കുളം നവീകരണ പ്രവർത്തനത്തിന് മുൻകൈ എടുത്തു. അന്നുകാലത്ത് വിവാഹ ചടങ്ങുകളിൽ വായനശാലയുടെ മംഗളപത്രം വായിക്കുമായിരുന്നു. റേഡിയോ ഗ്രാമ രംഗം, ഹിന്ദി ക്ലാസുകൾ, നിശാപാഠശാലകൾ എന്നിവ ആദ്യകാലത്ത് സജീവമായിരുന്നു. 'ദേശീയ കാഹളം' എന്ന പേരിൽ കയ്യെഴുത്തു മാസിക ഉണ്ടായിരുന്നു. അല്പകാലം മന്ദീഭവിച്ച വായന ശാലാ പ്രവർത്തനം വീണ്ടും സജീവമാകുന്നത് 1990ൽ ആണ്. 1998ൽ സുവർണ്ണജൂബിലിയും 2008ൽ വജ്രജൂബിലിയും 2018ൽ സപ്തതിയും വായനശാലയുടെ ആഭിമുഖ്യത്തിൽ വിപുലമായി ആഘോഷിച്ചു. ഇപ്പോൾ വായനശാല പ്ലാറ്റിനംജൂബിലിയുടെ നിറവിൽ ആണ്.

സങ്കുചിത ചിന്തകൾക്കതീതമായി നാടിന്റെ പൊതുഇടമായി വായനശാല വർത്തിക്കുന്നു. മികച്ച പ്രവർത്തന മികവിനുള്ള അംഗീകാരമായി തുടർച്ചയായി 3 വർഷം എ+ ഗ്രേഡ് വായന ശാലക്ക് ലഭിച്ചു. വനിതാവേദി, ബാലവേദി എന്നിവ വളരെ സജീവമായി പ്രവർത്തിക്കുന്നു. 20,000ൽപ്പരം പുസ്തകങ്ങളുടെ വിപുലമായ ശേഖരമുള്ള വായനശാലയിൽ നിലവിൽ 370 സജീവ അംഗങ്ങളുണ്ട്.

കെ. സന്തോഷ് പ്രസിഡണ്ടും എം. നന്ദകുമാർ സെക്രട്ടറിയുമായ പ്രവർത്തക സമിതിയാണ് വായനശാല പ്രവർത്തനത്തെ ഇപ്പോൾ മുന്നോട്ടു നയിക്കുന്നത്.

നാടിന്റെ സമസ്ത മേഖലകളിലും സക്രിയമായ വായനശാല പുതൂർക്കരയുടെ സാംസ്കാരിക ഭൂമികയിലെ അക്ഷരഗോപുരമായി വിരാജിക്കുന്നു.

## കേരളത്തിന്റെ ഭാവി ഭയാനകമാകുമെന്ന് മാർ ഔഗിൻ കുര്യാക്കോസ് മെത്രാപ്പോലീത്ത

തൃശൂർ: കുട്ടികൾക്ക് പോലും മദ്യവും മറ്റു ലഹരിവസ്തുക്കളും ലഭ്യമാകുന്ന കേരളത്തിന്റെ ഇന്നത്തെ അവസ്ഥ ഭാവികേരളം എത്ര ഭയാനകമാകുമെന്ന് ഊഹിക്കാവുന്നതാണെന്ന് മാർ ഔഗിൻ കുര്യാക്കോസ് മെത്രാപ്പോലീത്ത പ്രസ്താവിച്ചു. മദ്യത്തിന്റെ കാര്യത്തിൽ മലയാളികളും സർക്കാരും നന്നാവത്തതെന്തേ എന്ന് പലപ്പോഴും ചിന്തിക്കാറുണ്ട്. എഴുത്തുകാരൻ റവ ഡോ ദേവസ്സി പന്തല്ലൂക്കാരന് മദ്യ വിമോചന മഹാ സഖ്യത്തിന്റെ ആഭിമുഖ്യത്തിൽ തൃശൂർ പൗരാവലി നൽകിയ ആദരം പരിപാടി സാഹിത്യ അക്കാദമി വൈലോപ്പിള്ളി ഹാളിൽ ഉദ്ഘാടനം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

സഭക്ക് പുറത്തേക്ക് തന്റെ പ്രവർത്തനങ്ങൾ വികസിപ്പിച്ച വൈദികനാണ് ഫാ ദേവസ്സി പന്തല്ലൂക്കാരൻ. മതസൗഹാർദ്ദ രംഗത്തും അച്ചന്റെ സേവനങ്ങൾ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ടെന്ന് മെത്രാപ്പോലീത്ത പറഞ്ഞു.

മദ്യ വിമോചന മഹാ സഖ്യം തൃശൂർ ജില്ലാ പ്രസിഡന്റ് തോമസ് കരിപ്പായി അദ്ധ്യക്ഷത വഹിച്ചു. സെന്റ് തോമസ് കോളേജ് പ്രിൻസിപ്പാൾ ഡോ ഫാ മാർട്ടിൻ കൊളബ്രത്ത് മുഖ്യ പ്രഭാഷണം നടത്തി. സംസ്ഥാന പ്രസിഡന്റ് ഇ എ ജോസഫ് ആമുഖ പ്രസംഗം നടത്തി.

സിനിമാ സംവിധായകൻ റഷീദ് പാറയ്ക്കൽ, തൃശൂർ പ്രസ് ക്ലബ് മുൻ പ്രസിഡന്റ് ജോയ് എം മണ്ണൂർ, ദീപിക ദിനപത്രം മുൻ തൃശൂർ ചീഫ് ഫ്രാങ്കോ ലൂയിസ്, ദൂരദർശൻ കേന്ദ്രം മുൻ ഡയറക്ടർ ഡോ സി കെ തോമസ്, ഫാ മാത്യു സി എം ഐ കോഴിക്കോട്, കെസിബിസി മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപത മുൻ പ്രസിഡന്റ് സി പി ഡേവീസ്, മദ്യ വിമോചന മഹാ സഖ്യം സംസ്ഥാന ജനറൽ സെക്രട്ടറി കെ എ മഞ്ജുഷ, തൃശൂർ ജില്ലാ സെക്രട്ടറി ബേബി കണ്ണംപടത്തി, ജോയന്റ് സെക്രട്ടറി കെ എസ് ശിവരാമൻ എന്നിവർ പ്രസംഗിച്ചു.

## പ്രൊഫ. വി. അരവിന്ദാക്ഷൻ സ്മാരക പ്രബന്ധമത്സരം രചനകൾ ക്ഷണിക്കുന്നു

തൃശൂർ: മാർക്സിസ്റ്റ് ചിന്തകനും അധ്യാപകനും എഴുത്തുകാരനുമായിരുന്ന പ്രൊഫ. വി.അരവിന്ദാക്ഷന്റെ സ്മരണാർത്ഥം പ്രൊഫ. വി. അരവിന്ദാക്ഷൻ ഫൗണ്ടേഷനും തൃശ്ശൂർ പി.ജി. സെന്ററും ചേർന്ന് കോളേജ് വിദ്യാർത്ഥികൾക്കുവേണ്ടി നടത്തുന്ന പ്രബന്ധമത്സരത്തിലേക്ക് രചനകൾ ക്ഷണിക്കുന്നു. 'ഇന്ത്യയുടെ ബഹുസ്വരത' എന്നതാണ് വിഷയം. രചനപത്ത് പേജിൽ കവിയരുത്. രചയിതാക്കൾ കോളേജിന്റെ ഐഡന്റിറ്റി കാർഡിന്റെ പകർപ്പു സമർപ്പിക്കണം. രചനകൾ അയയ്ക്കേണ്ട വിലാസം: ഡോ. പി.രഞ്ജിത്ത്, പ്രിൻസിപ്പാൾ, പി.ജി.സെന്റർ, വടക്കേബസ് സ്റ്റാന്റിന് സമീപം, തൃശ്ശൂർ-680 020. കൂടാതെ panicker.ranjit@gmail.com. എന്ന ഇ-മെയിൽ ഐഡിയിലും രചനകൾ അയയ്ക്കാവുന്നതാണ്. അവസാന തീയതി 2024 ഒക്ടോബർ 10. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം നേടുന്നവർക്ക് യഥാക്രമം 5000 രൂപ, 3000 രൂപ, 2000 രൂപ കാഷ്അവാർഡും സാക്ഷ്യപത്രവും നൽകുന്നതാണ്. ഒക്ടോബർ 15ന് തൃശ്ശൂർ സാഹിത്യഅക്കാദമി ഹാളിൽ നടത്തുന്ന അനുസ്മരണസമ്മേളനത്തിൽവച്ച് വിജയികൾക്ക് സമ്മാനം നൽകുന്നതാണ്. അന്വേഷണങ്ങൾക്ക് 9846237861,9446054561

## മീഷോയുടെ മെഗാ ബ്ലോക്ക് ബെസ്റ്റർ സെയിൽ 27 മുതൽ

തൃശൂർ: മീഷോയുടെ വാർഷിക മെഗാ ബ്ലോക്ക്ബസ്റ്റർ സെയിൽ പ്രഖ്യാപിച്ചു. ഈ മാസം 27ന് തുടങ്ങുന്ന സെയിലിൽ 20 ലക്ഷത്തോളം വ്യാപാരികൾ പങ്കെടുക്കുന്നുണ്ട്. 30 വിഭാഗങ്ങളിലായി 12 കോർ പ്രോഡക്റ്റ് ലിസ്റ്റിംഗുകൾ ഉൾപ്പെടുത്തി ആഘോഷകാല ഷോപ്പിംഗ് ഏറ്റവും സൗകര്യപ്രദമാക്കാനാണ് മീഷോ ലക്ഷ്യമിടുന്നത്. ഞൊടിയിടയിൽ റീഫണ്ട്, ഡോർസ്റ്റെപ്പ് എക്സ്ചേഞ്ച്, മീഷോ ബാലൻസ്, അഡ്രസ് സൊലൂഷൻസ് തുടങ്ങി ഉപഭോക്തൃ കേന്ദ്രീകൃതമായ ഏതാനും ഫീച്ചറുകളും ആപ്പിൽ അവതരിപ്പിച്ചിട്ടുണ്ട്.

## എൻ.എസ്.എസ്.ദിനാഘോഷം: സെന്റ് ജോസഫ്സിൽ പുഞ്ചിരി കോർണർ ഉദ്ഘാടനം ചെയ്തു

ഇരിങ്ങാലക്കുട: എൻ.എസ്.എസ്.ദിനാഘോഷത്തിന്റെ ഭാഗമായി ഇരിങ്ങാലക്കുട സെന്റ്.ജോസഫ്സ് (ഓട്ടോണമസ്) കോളേജിലെ 50, 167 എൻ.എസ്.എസ്.കൂട്ടായ്മകളുടെ നേതൃത്വത്തിൽ കോളേജിൽ പുഞ്ചിരി കോർണർ ആരംഭിച്ചു. ലോകം മുഴുവൻ പുഞ്ചിരിക്കാൻ മറക്കുന്ന ഈ കാലഘട്ടത്തിൽ പരസ്പരസ്നേഹത്തിന്റെയും മാനസികോല്ലാസത്തിന്റെയും പ്രതീകമാണ് പുഞ്ചിരി കോർണർ എന്ന് ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രിൻസിപ്പൽ ഡോ.സിസ്റ്റർ ബ്ലെസി അഭിപ്രായപ്പെട്ടു. എൻ.എസ്.എസ്.പ്രോഗ്രാം ഓഫീസർമാരായ വീണ സാനി, ഉർസുല എൻ, അധ്യാപകരായ മഞ്ജു ഡി, ധന്യ കെ. ഡി എന്നിവർ പരിപാടികൾക്ക് നേതൃത്വം കൊടുത്തു.


## COURT NOTICE

**BEFORE THE HON'BLE ARBITRATOR TRIBUNAL**
**SRI. SASIDHARAN K. (RTD. DIST. & SESSIONS JUDGE)**
**AG5, AISWARYA GARDEN, P.O ELTHURUTHU, THRISSUR**

**ARC CKL No. 23/2024**

CKL Nidhi Ltd, Thaikkad, Chavakkad, Rep. Managing Director P.K. Gabriyel, Thaikkad

-Petitioner

**R3) HAFEEJA K.H.,** D/o. Hydrose, Kerantakath House, Manathala Village, Thiruvathra Desom, P.O. Thiruvathra, Thrissur

-3rd Respondent

The above numbered case is posted to **15-10-2024** for hearing and appearance of the Respondents. If the respondents have any objection in the matter can appear before the Hon'ble Arbitrator at 2 P.M on the same day. Otherwise the Arbitrator will pass an exparte award.

For petitioner, Advocate
**C.S. Subramanian** (S/d)


## വാർത്താച്ചുരുക്കം

* കേരള ഗവ. നഴ്സസ് അസ്സോസിയേഷൻ 67-ാം തൃശൂർ ജില്ലാസമ്മേളനം സാഹിത്യ അക്കാദമി ഓഡിറ്റോറിയത്തിൽ നടന്നു.
* പണ്ഡിതരത്നം കെ.പി. നാരായണപിഷാരോടിയുടെ 115-ാം ജയന്തി ആഘോഷം ഗുരുവായൂർ പിഷാരോടിസമാജം ഹാളിൽ നടന്നു. അഖില ഭാരത ഗുരുവായൂരപ്പ ഭക്തസമിതിയുടെ നേതൃത്വത്തിലായിരുന്നു പരിപാടി.
* ഗാന്ധിയൻ തിരുവത്ര ദാമോദർജി അനുസ്മരണം ഗുരുവായൂർ നഗരസഭാ ലൈബ്രറി ഹാളിൽ നടന്നു. മഹാത്മജി സാംസ്കാരികവേദി, തിരുവത്ര സ്മൃതി ഫൗണ്ടേഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിലായിരുന്നു പരിപാടി.
* 'സർവൻസ് ഓഫ് ഗോഡ് - ജീവകാരുണ്യ സംഘടന തൃശൂർ ജനറൽ ആശുപത്രിയിൽ ഓണാഘോഷം സംഘടിപ്പിച്ചു. വീൽചെയർ തുടങ്ങിയവയുടെ വിതരണവും ഉണ്ടായി. പ്രമുഖ വ്യക്തികൾ പങ്കെടുത്തു.

# തിലകൻ അനുസ്മരണ ദിനം ആചരിച്ചു

തൃശൂർ: തിലകൻ സൗഹൃദ സമിതിയുടെ നേതൃത്വത്തിൽ അഭിനയ പ്രതിഭയായ നടൻ തിലകനെ തൃശൂരിൽ അനുസ്മരിച്ചു.

നിർമ്മാതാവ് ഡോ. കെ